©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2024 മേയ് 14<br>14th May 2024<br>1199 മേടം 31<br>31st Medam 1199<br>1946 വൈശാഖം 24<br>24th Vaisakha 1946 | നമ്പർ<br>No. | 1523 |


### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ:24/2024/സം.തി.ക തിരുവനന്തപുരം, 2024 മേയ് 06

ഒരു തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഓരോ സ്ഥാനാർത്ഥിയും തിരഞ്ഞെടുപ്പ്ചെലവിന്റെ കണക്കുകൾ ശരിയായി സൂക്ഷിക്കാനും തിരഞ്ഞെടുപ്പിന് ശേഷം നിശ്ചിത സമയപരിധിക്കുള്ളിലും രീതിയിലും കമ്മീഷൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന് അവ സമർപ്പിക്കാനും ബാദ്ധ്യസ്ഥനാണെന്ന് കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 141, 142 വകുപ്പുകൾ അനുശാസിക്കുന്നു. നിശ്ചിത സമയപരിധിക്കുള്ളിലും രീതിയിലും തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നതും നിശ്ചിത പരിധിയിൽ കൂടുതൽ ചെലവ് ചെയ്യുന്നതും കേരള മുനിസിപ്പാലിറ്റി ആക്റ്റ് 89 ആം വകുപ്പ് പ്രകാരം കമ്മീഷന് ഒരാളെ അയോഗ്യനായി പ്രഖ്യാപിക്കുന്നതിനുള്ള കാരണമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2021 ആഗസ്റ്റ് 11, ഡിസംബർ 7, 2022 മേയ് 17, ജൂലൈ 21 തീയതികളിൽ നടന്ന ഉപതിരഞ്ഞെടുപ്പുകളിൽ സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനിലേക്കും മത്സരിച്ച സ്ഥാനാർത്ഥികൾ സമർപ്പിച്ച തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകളും, ചെലവുകളുടെ കണക്കുകൾ സമർപ്പിക്കാതിരുന്ന സ്ഥാനാർത്ഥികളുടെ വിവരവും നിശ്ചിത ഫോറത്തിൽ ഉൾപ്പെടുത്തി കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കമ്മീഷന് പ്രസ്തുത റിപ്പോർട്ടുകൾ പരിശോധിക്കുകയും തെരെഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകൾ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാനാർത്ഥികളോട് കേരള മുനിസിപ്പാലിറ്റി ആക്ട് 89 ആം വകുപ്പ് പ്രകാരം അയോഗ്യരാക്കാതിരിക്കാൻ കാരണം ബോധിപ്പിക്കുന്നതിനും ഇത് സംബന്ധിച്ച നിവേദനം സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 59(5) ചട്ട പ്രകാരം രേഖാമൂലം നോട്ടീസ് നൽകിയിട്ടുള്ളതാണ്. കേരള മുനിസിപ്പാലിറ്റി ആക്ടിലെ 525 ആം വകുപ്പ് വ്യവസ്ഥ ചെയ്യുന്ന രീതിയിലാണ് മുനിസിപ്പാലിറ്റി സെക്രട്ടറി മുഖേന ഇപ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്. പ്രസ്തുത നോട്ടീസ് കൈപ്പറ്റിയതിനു ശേഷം ചെലവ് കണക്ക് യഥാസമയം സമർപ്പിക്കാതിരുന്നതിന് മതിയായ കാരണങ്ങൾ നൽകി ചെലവ് കണക്ക് സമർപ്പിച്ചവർക്കെതിരെയുള്ള നടപടി കമ്മീഷൻ അവസാനിപ്പിച്ചിട്ടുള്ളതാണ്.

3. എന്നാൽ, ഇതോടൊപ്പമുള്ള പട്ടികയിൽ പേര് ചേർക്കപ്പെട്ടവർക്ക് മേൽപ്പറഞ്ഞ പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടും തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് ബോധിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും അപ്രകാരമുള്ള വീഴ്ചക്ക് മതിയായ കാരണമോ ന്യായമോ ബോധിപ്പിക്കാതിരിക്കുകയോ ചെയ്തതായി കമ്മീഷന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

4. ആയതിനാൽ, ഇതോടൊപ്പമുള്ള പട്ടികയുടെ അഞ്ചും ആറും കോളങ്ങളിലായി പേര് വിവരം ചേർത്തിരിക്കുന്നവർ, 1994 – ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 89 ആം വകുപ്പ് അനുസരിച്ച് നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും രീതിയിലും തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ബോധിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നും അപ്രകാരമുള്ള വീഴ്ചയ്ക്ക് മതിയായ കാരണമോ, ന്യായീകരണമോ ഇല്ലായെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ബോധ്യപ്പെട്ട സാഹചര്യത്തിൽ അവർ കൗൺസിലറായി തുടരുന്നതിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിനോ അയോഗ്യരാണെന്ന് പ്രഖ്യാപിക്കുന്നതോടൊപ്പം അവർക്ക് ഈ ഉത്തരവ് തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് മേൽപ്പറഞ്ഞ അയോഗ്യത ഉണ്ടായിരിക്കുന്നതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

**എ.ഷാജഹാൻ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പട്ടിക**

| 11.08.2021 ലെ ഉപതിരഞ്ഞെടുപ്പ് | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ജില്ല | മുനിസിപ്പാലിറ്റി യുടെ നമ്പരും പേരും | വാർഡിന്റെ നമ്പരും പേരും | അയോഗ്യത കല്പിക്കപ്പെട്ട സ്ഥാനാർത്ഥിയുടെ പേര് | മേൽവിലാസം |
| (1) | (2) | (3) | (4) | (5) | (6) |
| 1 | തിരുവനന്ത പുരം | എം.02 നെടുമങ്ങാട് മുനിസിപ്പാലിറ്റി | 17. പതിനാറാം കല്ല് | എൻ.ഗീതാ ദേവി | തിരുവാതിര |
| 2 | തിരുവനന്ത പുരം | എം. 02 നെടുമങ്ങാട് മുനിസിപ്പാലിറ്റി | 17. പതിനാറാം കല്ല് | രമ ടീച്ചർ | സുരേഷ് ഭവൻ |
| 3 | എറണാകു ളം | എം.66 പിറവം നഗരസഭ | 05. കരക്കോട് | അഞ്ചു മനു | കോട്ടയ്ക്കത്ത്, പിറവം |
| 4 | വയനാട് | എം.82 സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി | 07.പഴേരി | എം.കെ. മനോജ് | ചെറുകുന്നുമ്മൽ, വെള്ളായികുഴി കോളനി, കുപ്പാടി. പി.ഒ, സുൽത്താൻ ബത്തേരി |
| 07.12.2021 ലെ ഉപതിരഞ്ഞെടുപ്പ് | | | | | |
| 5 | തിരുവന ന്തപുരം | സി.01 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ | 90.വെട്ടുകാട് | ബെർബി ഫെർണാണ്ടസ് | മെഡോണ കോട്ടേജ്, ടി. സി 89/1276, ബീച്ച് പി.ഒ, തിരുവനന്തപുരം-695007. |
| 6 | തിരുവന ന്തപുരം | സി.01 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ | 90.വെട്ടുകാട് | കിരൺ | ഹെയ്സൽ കോട്ടേജ്, ടി.സി 80/2166, കൊച്ചുവേളി, ടൈറ്റാനിയം. പി.ഒ, തിരുവനന്തപുരം |
| 7 | എറണാകു ളം | സി.03 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ | 63. ഗാന്ധിനഗർ | കെ.എം. മാർട്ടിൻ | കാട്ടുംപുറത്ത് വീട്, ഗിരിനഗർ സൗത്ത്, കടവന്ത്ര പി.ഒ. |
| 8 | എറണാകു ളം | സി.03 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ | 63. ഗാന്ധിനഗർ | കെ.എൽ. മാർട്ടിൻ | കുഴിവേലിത്താഴത്ത്, ഇന്ദിരാനഗർ, കലൂർ, കൊച്ചി-17 |
| 17.05.2022 ലെ ഉപതിരഞ്ഞെടുപ്പ് | | | | | |
| 9 | എറണാകു ളം | സി 03 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ | 62. എറണാകുളം സൗത്ത് | അശ്വതി.എസ് | കോട്ടപ്പുറത്ത് വീട്, ആശാരി ലൈൻ, |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | |
|---|---|---|---|---|---|
| | | | | | കാരക്കാമുറി, കൊച്ചി |
| 10 | എറണാകുളം | എം 21 തൃപ്പുണിത്തുറ മുനിസിപ്പൽ കൗൺസിൽ | 11. ഇളമനത്തോപ്പ് | പ്രദീഷ്.ഇ.റ്റി | മറ്റത്തിൽപറമ്പിൽ, ഇരുമ്പനം പി.ഒ |
| 11 | എറണാകുളം | എം 21 തൃപ്പുണിത്തുറ മുനിസിപ്പൽ കൗൺസിൽ | 11. ഇളമനത്തോപ്പ് | ഷിബു മലയിൽ | മലേപ്പറമ്പിൽ, തിരുവാങ്കുളം |
| 12 | എറണാകുളം | എം 21 തൃപ്പുണിത്തുറ മുനിസിപ്പൽ കൗൺസിൽ | 46. പിഷാരി കോവിൽ | ശോഭന തമ്പി | കൊടിത്തറ വീട്, പല്ലിമിറ്റം, ഏരൂർ.പി.ഒ, തൃപ്പൂണിത്തുറ |
| 13 | എറണാകുളം | എം 21 തൃപ്പുണിത്തുറ മുനിസിപ്പൽ കൗൺസിൽ | 46. പിഷാരി കോവിൽ | സംഗീത സുരേഷ് | മങ്കുഴി വീട്, പല്ലിമിറ്റം, ഏരൂർ.പി.ഒ, തൃപ്പൂണിത്തുറ |
| 14 | പാലക്കാട് | എം 70 ചെർപ്പുളശ്ശേരി മുനിസിപ്പൽ കൗൺസിൽ | 23. കോട്ടകുന്ന് | കൊച്ചു കൃഷ്ണൻ.പി | പാറക്കാട്ടിൽ, ചെർപ്പുളശ്ശേരി |
| 15 | കണ്ണൂർ | സി 06 കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ | 10.കക്കാട് | ഷംന വി.കെ | വി.കെ.ഹൗസ്, കക്കാട് പി.ഒ, കണ്ണൂർ |
| 16 | കണ്ണൂർ | എം 56 പയ്യന്നൂർ മുനിസിപ്പൽ കൗൺസിൽ | 09.മുതിയലം | ഉഷ.എ | അക്കരക്കാരത്തി |
| **21.07.2022 ലെ ഉപതിരഞ്ഞെടുപ്പ്** | | | | | |
| 17 | എറണാകുളം | എം.25 ആലുവ മുനിസിപ്പൽ കൗൺസിൽ | 22.പുളിഞ്ചോട് | കവിത.എൻ.കെ | ആശാരിപ്പറമ്പിൽ |
| 18 | മലപ്പുറം | എം.45 മലപ്പുറം മുനിസിപ്പൽ കൗൺസിൽ | 11.മൂന്നാം പടി | കാർത്തിക ചന്ദ്രൻ | പൗർണ്ണമി, നമ്പീശൻ കോളനി, മലപ്പുറം |
| 19 | മലപ്പുറം | എം.46 മഞ്ചേരി മുനിസിപ്പൽ കൗൺസിൽ | 16. കിഴക്കേതല | തലാപ്പിൽ സജീർ | തലാപ്പിൽ ഹൗസ്, മഞ്ചേരി |

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.05.14 02:47:06 +05:30